പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1695 | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|
| മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തുന്നതിന് നടപടികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ.പി.കെ.ബഷീർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഹോട്ടലുകൾ ,കല്യാണമണ്ഡപങ്ങൾ,ഫ്ലാറ്റുകൾ, വ്യവസായ സ്ഥാപനങ്ങൾ,ഫാക്ടറികൾ, ഖര-ദ്രവ മാലിന്യങ്ങൾ ഉൽപാദിപ്പിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നല്ലൊരു ശതമാനവും മതിയായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും അവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തു ക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്ര ശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴ വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാൻറ്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരം തിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോ ബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീക രിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-07-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന |

<table>
<tr><td></td><td></td><td></td><td>മേൽ പറഞ്ഞ രീതിയില്ലുള്ള സ്ഥാപനങ്ങൾ മേൽവിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്ന് ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് പ്രത്യേകം ഫീസ് ഒടുക്കി, സംസ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വീകരിച്ചുവരുന്നുണ്ട്.</td></tr>
<tr><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, മതിയായ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാതെ പ്രവർത്തിച്ചതിനും ജലാശയങ്ങൾ മലിനമാക്കിയതിനും, പൊതു സ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചതിനും ഏതെല്ലാം സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയ്ക്കെതിരെ നിയമനടപടികൾ,പിഴയീടാക്കൽ എന്നിവ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ</td><td>(സി)</td><td>മതിയായ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാതെ പ്രവർത്തിച്ചതിനും ജലാശയങ്ങൾ മലിനമാക്കിയതിനും, പൊതു സ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചതിനും പഞ്ചായത്ത് വകുപ്പിൽ നിന്ന് നിയമ നടപടികൾ, പിഴയീടാക്കൽ എന്നിവ സ്വീകരിച്ചത് സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th rowspan="2">ജില്ല</th><th rowspan="2">നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചത്</th><th colspan="2">പിഴ ഈടാക്കിയത്</th></tr>
<tr><th>എണ്ണം</th><th>തുക</th></tr>
<tr><td>തിരുവനന്തപുരം</td><td>0</td><td>0</td><td>0</td></tr>
<tr><td>കൊല്ലം</td><td>0</td><td>0</td><td>0</td></tr>
<tr><td>പത്തനംതിട്ട</td><td>1</td><td>0</td><td>0</td></tr>
<tr><td>ആലപ്പുഴ</td><td>5</td><td>0</td><td>0</td></tr>
<tr><td>കോട്ടയം</td><td>2</td><td>0</td><td>0</td></tr>
<tr><td>ഇടുക്കി</td><td>4</td><td>4</td><td>5000</td></tr>
<tr><td>എറണാകുളം</td><td>2</td><td>1</td><td>20000</td></tr>
<tr><td>തൃശ്ശൂർ</td><td>89</td><td>78</td><td>121601</td></tr>
<tr><td>പാലക്കാട്</td><td>4</td><td>0</td><td>0</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| മലപ്പുറം | 9 | 0 | 0 |
| കോഴിക്കോട് | 15 | 15 | 105000 |
| വയനാട് | 2 | 0 | 0 |
| കണ്ണൂർ | 11 | 11 | 145200 |
| കാസർകോഡ് | 0 | 0 | 0 |
| ആകെ | 144 | 109 | 396801 |

നഗരകാര്യ വകുപ്പിനെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള മേൽ പരാമർശിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ